# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1668 — 14.12.2012-ലെ മറുപടിക്ക്

## പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി നിരീക്ഷണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഗ്രാമ പഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സംവിധാനം കാര്യക്ഷമമാണോ ; വിശദീകരിക്കാമോ ; | എ) ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പദ്ധതി രൂപീകരണ പുരോഗതി അവലോകനം നടത്തുകയും സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടർ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത് വരുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ മന്ത്രിമാർ അംഗങ്ങളായുള്ള വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള കോ-ഓർഡിനേഷൻ സമിതിയും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിമാരും പുരോഗതി വിലയിരുത്തി വരുന്നു. ഇവ കാര്യക്ഷമമാണ്. |
| ബി) പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി നിരീക്ഷണ സംഘങ്ങളെ | ബി) കരാറാടിസ്ഥാനത്തിൽ ക്വാളിറ്റി മോണിട്ടേഴ്സിനെ നിയമിക്കാൻ ഡി.പി.സി.ക്ക് ചുമതല നൽകിയിട്ടുണ്ട്. |

| | |
|---|---|
| നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഏതെങ്കിലും ജില്ലയിൽ പ്രസ്തുത ക്വാളിറ്റി മോണിറ്റേഴ്സിന്റെ കമ്മിറ്റി രൂപീകരിച്ചോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | അതിനാൽ ഡി.പി.സി.കളാണ് മുൻകൈയെടുക്കേണ്ടത്. |
| സി) അതിനായി എന്തു തുക അനുവദിച്ചെന്നു വ്യക്തമാക്കുമോ ; ആരുടെ പേരിലാണ് തുക അനുവദിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ; | സി) & ഡി) വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |
| ഡി) ക്വാളിറ്റി മോണിറ്റേഴ്സിന്റെ കമ്മിറ്റി രൂപീകരണത്തിൽ ബന്ധപ്പെട്ട നിയമസഭാംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കുമോ ; വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ